PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964.

Monday, the 9th March 1964.

Vol. XVIII] OFFICIAL REPORT [No. 21

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Monday, the 9th March 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

Mr. Speaker : Questions and Answers. Question number 1 Shri C. K. Balakrishnan.

റോഡ് ടാർ ചെയ്യാനുള്ള തീരുമാനം

* 586. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ ഈ സാമ്പത്തികവർഷത്തിൽ എത്ര മൈൽ റോഡു് 'ടാർ' ചെയ്യാൻ തീരുമാനമെടുത്തിരുന്നു ;

(ബി) അതിൽ 1963 ഡിസംബർ വരെ എത്ര മൈൽ റോഡു് ടാർ ചെയ്തുകഴിഞ്ഞു ;

(സി) ചിറയിൻകീഴു് താലൂക്കിൽ പാരിപ്പള്ളി—മടവൂർ—നിലമേൽ റോഡു് ടാർ ചെയ്യുന്ന കാര്യം ഗവണ്മെൻറു് പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ യാത്രക്കാരുടെ അസൗകര്യത്തെ പരിഗണിച്ചു് പ്രസ്തുത റോഡു് അടിയന്തിരമായും ടാർ ചെയ്യുന്ന കാര്യം ഗവണ്മെൻറു് പരിഗണിക്കുമോ ?

2/1767/V

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 336 മൈൽ അഞ്ചരഫർലോംഗ് റോഡു ടാർ ചെയ്യുന്നതിനുള്ള പ്രപ്പോസൽസ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നു;

(ബി) 119 മൈൽ റോഡ് ടാർചെയ്തു കഴിഞ്ഞു.

(സി) ഇല്ല.

(ഡി) ധനദൗർലഭ്യം നിമിത്തം ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ : എങ്ങനെയുള്ള റോഡുകളാണ് ടാർചെയ്യണമെന്നു ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. 'ബി' ട്രാഫിക്കുള്ള റോഡുകളും ടാർ ചെയ്യുമോ ? പതിനഞ്ചും അതിൽ കൂടുവും ബസ്സുകൾ ദിവസം യാത്രചെയ്യുന്ന റോഡുകളും ടാർ ഇട്ടപ്പോൾ പതിനാറും അതിൽ കൂടുതലും ബസ്സുകൾ ഓടുന്ന റൂട്ടുകളും ടാർ ഇടാതിരിക്കുവാൻ കാരണം എന്ത് ?

ശ്രീ. പി. പി. ഉമ്മർകോയ : ബസ്സ് ട്രാഫിക്കുള്ള എല്ലാ റോഡുകളും ടാർ ചെയ്യാൻ സാധിച്ചിട്ടില്ല. വളരെയധികം ഗതാഗതമുള്ള പല റോഡുകളും ഇനിയും ടാർ ചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻ : മണ്ണാർകാട്—ചിന്നത്തടാകം റോഡു ഇൻറർസ്റ്റേറ്റ് റോഡ് ആണെന്നു ഈ കൊല്ലത്തെ ബഡ്ജറ്റിൽനിന്നും കാണുന്നു. ഇതു ടാർ ചെയ്യാതിരിക്കുവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇൻറർസ്റ്റേറ്റ് റോഡ് എന്നുള്ള നിലയ്ക്ക് കേന്ദ്രഗവണ്മെൻറിൽനിന്നും പ്രത്യേകം സഹായം കിട്ടാനുണ്ട്. എന്നാൽ കേന്ദ്ര ഗവണ്മെൻറ് ഇതേവരെ നടപ്പിലാക്കിയിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇങ്ങനെ റോഡുകൾ ടാർ ഇടുന്നതിനു് ഏതെങ്കിലും പ്രയാറിട്ടി ലിസ്റ്റ് ഉണ്ടോ ? അതോ അപ്പപ്പോഴുള്ള സൗകര്യം അനുസരിച്ച് ടാർ ഇടുകയാണോ ചെയ്യുന്നത് ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രയാറിട്ടി ലിസ്റ്റ് വച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : റോഡു ടാർ ചെയ്യാൻ വരെ നമ്മൾക്കു കേന്ദ്രത്തിന്റെ സഹായം വേണമെന്നാണോ പറയുന്നത് ? അതില്ലാതെ നമുക്കു നേരിട്ടു അങ്ങു ടാർ ചെയ്താൽ എന്താണു കുഴപ്പം ?

ശ്രീ. പി. പി. ഉമ്മർകോയ : റോഡു ടാർ ചെയ്യാൻ കേന്ദ്രത്തിന്റെ അനുമതിയൊന്നും വേണ്ട. സി. ആർ. ഫണ്ട് പണം ഉപയോഗിച്ചു നടത്താൻ വേണ്ട റോഡുകളെയാണ് കേന്ദ്രഗവണ്മെൻറിന്റെ പരിശോധനക്കായി വിടുന്നത്. ഇൻറർ സ്റ്റേറ്റ്റോഡുകൾക്കു ഈ വിധത്തിലുള്ള ഫണ്ടിൽ നിന്നും കൂടുതൽ പണം ചെലവിടുന്നു. അതിനുവേണ്ടിയാണ് വക്ക് സാംഗ്ഷൻ വാങ്ങിക്കുന്നത്,

ശ്രീ. കെ കൃഷ്ണൻ : വടകര മുനിസിപ്പാൽ അതിർത്തിയിലെ കസ്റ്റംസ റോഡിന്റെ കാര്യം എന്തായി ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകം ചോദ്യം ചോദിക്കുണം.

ശ്രീ. സി. എം. കുട്ടി : പ്രധാനപ്പെട്ട റോഡുകൾ ബ്ലാക്കു് ടാർചെയ്യണമെന്നുള്ളതാണോ ഗവണ്മെൻറിന്റെ നയം ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രധാനപ്പെട്ട റോഡുകൾ ബ്ലാക്കു് ടാർ ചെയ്യണമെന്നു ഗവണ്മെൻറ് നിശ്ചയിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തു് എപ്പോഴും ഗതാഗതമുള്ള റോഡുകൾ എത്രയോ ഉണ്ട്. പെട്ടെന്നു ഇതു മുഴുവനും ടാർ ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. കൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : ഏറ്റവും പ്രധാനപ്പെട്ട, തൃപ്രയാറിൽനിന്നും ഏനാമാടയിലേക്കു പോകുന്ന റോഡു വളരെയധികം ഗതാഗതമുള്ളതാണ്. നൂറിലധികം ബസ്സുകൾ ഇതിൽക്കൂടി ഓടുന്നുണ്ട്. ഇതു ടാർ ചെയ്യുന്ന കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ടാർ ചെയ്യാനും മാത്രമുള്ള ഗതാഗതം എല്ലാ റോഡുകളിലും ഉണ്ട്. നമ്മുടെ സാമ്പത്തിക പരിമിതി മാത്രമാണ് അതിന് തടസ്സമായി നിൽക്കുന്നത്.

മന്ത്രരോഗം

* 58. [2] † ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് മന്ത്രരോഗബാധിതരായി എത്രപേരുണ്ടെന്നു പറയാമോ ;

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് മന്ത്രരോഗം കൂടുതലായിട്ടുള്ളത് ;

(സി) മന്ത്രരോഗം കൂടുതൽ ബാധിക്കാതിരിക്കുന്നതിനു ഗവണ്മെന്റ് എടുത്തിട്ടുള്ള നടപടികളെന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സൂക്ഷ്മമായി അറിവില്ല. മൂന്നും നാലും ലക്ഷത്തിനിടയ്ക്ക് മന്ത്ര രോഗികളും ഈ സംസ്ഥാനത്തുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) കടലോരപ്രദേശങ്ങളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചിൻ, തൃശ്ശൂർ, പാലക്കാട്, തിരൂർ, പൊന്നാനി, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിലാണ്, മന്ത്രരോഗം കൂടുതലായിട്ടുള്ളത്.

(സി) മന്ത്ര രോഗ നിവാരണത്തിനു രണ്ടു ഘട്ടങ്ങളാണുള്ളത്.

1. ഫൈലേറിയാ നിയന്ത്രണ പരിപാടി.
2. ഫൈലേറിയാ നിർമ്മാർജ്ജനപരിപാടി.

നമ്മുടെ സ്റ്റേറ്റ് ആദ്യത്തെ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നിയന്ത്രണപരിപാടി പൂർത്തിയായതിനുശേഷമേ നിർമ്മാർജ്ജന പരിപാടി ആരംഭിക്കുകയുള്ളൂ. മന്ത്ര രോഗം പരത്തുന്നത് പ്രത്യേക തരം കൊതുകുകളാണ്. കൊതുകുകളേയും അവയുടെ കൂത്താടികളേയും നശിപ്പിക്കുകയാണ് മന്ത്ര രോഗനിവാരണത്തിലെ പ്രധാനഘടകം. അതിനുവേണ്ടി കൊതുകു വളരുന്ന സ്ഥലങ്ങളിൽ എണ്ണ തളിക്കുക, കുളങ്ങളിൽനിന്നു പായൽ നീക്കുക മുതലായവ ചെയ്യുവരുന്നു. ഈ പ്രവർത്തനങ്ങൾക്കായി പത്തു ഫൈലേറിയാ യൂണിറ്റുകളാണ് ഇപ്പോൾ ഈ സ്റ്റേറ്റിലുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : കടലോര പ്രദേശമല്ലാത്ത വല്ല സ്ഥലത്തും ഈ രോഗം ബാധിച്ചിട്ടുണ്ടോ ; പാലക്കാട്ടുജില്ലയിലെ ഒരു ഗ്രാമത്തിൽ ഒരു കുളത്തിന്റെ അടുത്തു താമസിക്കുന്ന കുറെ ആളുകൾക്ക് മന്ത്രരോഗം പിടിപെട്ടിട്ടുണ്ടെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. കടലോരപ്രദേശമല്ലാത്ത ഈ മാതിരി മറ്റു പ്രദേശങ്ങളിൽ എന്തെങ്കിലും നിവാരണ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കടലോരപ്രദേശമല്ലാത്ത ചില പ്രദേശത്തും ഈ മന്ത്ര രോഗം ബാധിച്ചിട്ടുണ്ട്. പാലക്കാട് പട്ടണം ആ ഇനത്തിൽപെടുന്ന ഒരു പ്രദേശമാണ്. ഈ സ്ഥലം കൂടി ഉൾപ്പെടുത്തി പുതിയ ഒരു യൂണിറ്റ് വരുന്ന വർഷം ആരംഭിക്കുന്നതിനു ആലോചനയുണ്ട്.

† Put by Shri P. R. Francis.

LIBRARY ARCHIVES Kerala Legislative Assembly